# കേരള സർക്കാർ

നം.തസ്വഭവ-എഎ 1/98/2015-തസ്വഭവ

തദ്ദേശ സ്വയം ഭരണ (എഎ) വകുപ്പ്
തിരുവനന്തപുരം,തീയ്യതി 29/05/2015

**സർക്കുലർ**

വിഷയം - തസ്വഭവ- പെർഫോമൻസ് ഓഡിറ്റ് -സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിലും, സൂചികയിലും ഉപയോഗിച്ച് വരുന്ന ഏകീകൃത പ്രീ പ്രിന്റഡ് രസീതികൾ സമാഹരിക്കുന്നതിന് ഇൻഡന്റ് തയ്യാറാക്കുന്നതിനുള്ള ചുമതല നല്കുന്നതു- സംബന്ധിച്ച്

സൂചന — 1. സ.ഉ. (എം.എസ്.) നം. 246/2011/തസ്വഭവ തീയതി 13.01.2011

2. ഗ്രാമ വികസന കമ്മീഷണറുടെ 20.03.2015 ലെ 5245/ഡി.പി4/15/സി.ആർ.ഡി നം. കത്ത്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന വിവിധ തുകകൾക്ക് സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് രശീതി നല്കുന്നതിനും, ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന വിവിധ അപേക്ഷകൾ/പരാതികൾ എന്നിവയ്ക്ക് കൈപ്പറ്റ രശീതി, സൂചിക സോഫ്റ്റ് വെയർ ഉപയോഗിച്ച് നല്കുന്നതിനും, ഏകീകൃതമായ ഒരു രസീതി സമ്പ്രദായം സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള ഏകീകൃത രശീതികൾ പ്രിന്റ് ചെയ്ത് നല്കുന്നതിന് പാലക്കാട് ഗ്രാമലക്ഷ്മി മുദ്രാലയത്തിനെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തുകൾക്കാവശ്യമായ രശീതികളുടെ ഇൻഡന്റ് നല്കുന്നതിന് അതാതു ജില്ലകളുടെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

എന്നാൽ ബ്ലോക്ക് പഞ്ചായത്തുകൾക്കാവശ്യമായ രശീതികളുടെ ഇൻഡന്റ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്നും തയ്യാറാക്കി ലഭിക്കുന്നതിനും ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും അച്ചടിച്ച് കിട്ടുന്നതിനും, ചില ബുദ്ധിമുട്ടുകൾ നേരിട്ടു വരുന്നതായി സൂചന (2) ലെ കത്തു മുഖാന്തിരം ഗ്രാമ വികസന കമ്മീഷണർ അറിയിക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്തുകളിൽ ഉപയോഗിക്കേണ്ട ഏകീകൃത പ്രീ പ്രിന്റഡ് രശീതികൾ ലഭ്യമാക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി, എല്ലാ ജില്ലകളിലെയും ബ്ലോക്ക് പഞ്ചായത്തുകൾക്കാവശ്യമായ പ്രീപ്രിന്റഡ് രശീതികളുടെ ഇന്റൻഡ് തയ്യാറാക്കി ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നല്കുന്നതിന് അതാതു ജില്ലകളിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാരെ ഇതിനാൽ ചുമതലപ്പെടുത്തുന്നു. ഇപ്രകാരം തയ്യാറാക്കി നല്കുന്ന ഇൻഡന്റ് പ്രകാരം രശീതികൾ അച്ചടിച്ചു നല്കേണ്ടതാണെന്ന് ഗ്രാമലക്ഷ്മി മുദ്രാലയത്തിനും നിർദ്ദേശം നല്കുന്നു.

സാലമ്മ എബ്രഹാം
ഗവണ്മെന്റ് ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയരക്ടർ തിരുവനന്തപുരം
ജനറൽ മാനേജർ, ഗ്രാമലക്ഷ്മി മുദ്രാലയം, കഞ്ചിക്കോട്, പാലക്കാട്

എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ) മാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ, ഐ.കെ.എം., തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ